(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുമ്പോൾ അവരെ സഹായിക്കുന്നതിനും അവർ കൈക്കൊള്ളുന്ന നടപടികൾ നിരീക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത് സംബന്ധിച്ച് കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കെതിരെയുള്ള അപ്പീൽ അധികാരം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് ?

ഉത്തരം

(എ-ഡി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ലിഡാ ജേക്കബ് കമ്മീഷനെ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം

4(663) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പരിഷ്കാരങ്ങളും മാറ്റങ്ങളുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധമായി സംസ്ഥാന സർക്കാർ എന്തെല്ലാം തുടർ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാർ നിയോഗിച്ച ലിഡാ ജേക്കബ് കമ്മിറ്റിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ; റിപ്പോർട്ട് ലഭ്യമായോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ-ഓർഡിനേറ്ററായി ഒരു സമിതിയും വിവിധ അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റിയും രൂപീകരിച്ചു. തുടർന്ന് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്.(റിട്ട)-നെ കമ്മീഷനായും നിയമിച്ചു. കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് അത് സർക്കാർ പരിശോധിച്ച് വരുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly